14/GST/2017.

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-9058/17/സിഇ/തസ്വഭവ

തീയതി : 27.11.2017

# സർക്കുലർ

വിഷയം:- തസ്വഭവ - ടെണ്ടർ ചെയ്തതും നിർമ്മാണത്തിലിരിക്കുന്നതുമായ പ്രവൃത്തികൾക്ക് ജി.എസ്.ടി ഇനത്തിൽ കരാറുകാർ അടച്ച തുക നൽകുന്നത് - സംബന്ധിച്ച്

പരാമർശം:-
1) ജി.ഒ (ആർ.റ്റി) നം. 87/2017/തസ്വഭവ തീയതി 01.11.2017.
2) 15.11.2017-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം. 3.4

ടെണ്ടർ ചെയ്തതും നിർമ്മാണത്തിലിരിക്കുന്നതുമായ പല പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. ടി പ്രവൃത്തികളുടെ ബിൽ അനുവദിക്കുന്നതിന് ജി.എസ്.ടി കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കേണ്ടതുണ്ട്.

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി കൂടി ഉൾപ്പെടുത്തിയിട്ടില്ലാത്ത പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള ജി.എസ്.ടി അധിക ബാധ്യത തുക കരാറുകാർക്ക് തിരികെ നൽകേണ്ടതുണ്ട്. ആയതിലേക്ക് സൂചന (2) പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. ജി.എസ്.ടി കോമ്പൻസേഷൻ തിരികെ നൽകേണ്ടുന്ന എല്ലാ പ്രവൃത്തികളുടേയും പേരും, ജി.എസ്.ടി തുകയും ഉൾപ്പെടുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കുകയും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ച് ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതുമാണ്.

ചീഫ് എൻജിനീയർ

P 1829